**മധുരമായ കുട്ടികളേ– അതിരാവിലെ ഉണർന്ന് ചിന്തിക്കൂ ഞാൻ ഇത്രയും ചെറിയ ആത്മാവ് എത്ര വലിയ ശരീരത്തെയാണ് പ്രവർത്തിപ്പിക്കുന്നത്, ആത്മാവായ എന്നിൽ അവിനാശിയായ പാർട്ട് അടങ്ങിയിരിക്കുന്നു.**

**ചോദ്യം–** ശിവബാബയ്ക്ക് ഏതൊരു പ്രാക്ടീസ് ഉണ്ട്, ഏതില്ല?
**ഉത്തരം–**ആത്മാവിനെ ജ്ഞാനരത്നങ്ങളാൽ അലങ്കരിക്കുന്ന പ്രാക്ടീസ് ശിവബാബയ്ക്കുണ്ട്, ബാക്കി ശരീരത്തെ അലങ്കരിക്കുന്ന പ്രാക്ടീസില്ല എന്തുകൊണ്ടെന്നാൽ ബാബ പറയുന്നു, എനിക്ക് സ്വന്തമായി ശരീരമില്ല. ഞാൻ ഇദ്ദേഹത്തിന്റെ ശരീരം വാടകയ്ക്ക് എടുക്കുന്നുണ്ട് പക്ഷേ ഈ ശരീരത്തിന്റെ അലങ്കാരം ഈ ആത്മാവുതന്നെയാണ് സ്വയം ചെയ്യുന്നത് അല്ലാതെ ഞാനല്ല. ഞാൻ സദാ അശരീരിയാണ്.

**ഗീതം–** ലോകം മാറിയാലും ഞങ്ങൾ മാറില്ല............

**ഓം ശാന്തി**. കുട്ടികൾ ഈ ഗീതം കേട്ടോ. ആരാണ് കേട്ടത്? ആത്മാവ് ഈ ശരീരത്തിലെ കാതുകളിലൂടെ കേട്ടു. കുട്ടികൾക്കും മനസ്സിലായി ഈ ആത്മാവ് എത്ര ചെറുതാണ്. ആ ആത്മാവ് ഈ ശരീരത്തിൽ ഇല്ലെങ്കിൽ പിന്നെ ഈ ശരീരം കൊണ്ട് ഒരു പ്രയോജനവുമില്ല. എത്ര ചെറിയ ആത്മാവിന്റെ ആധാരത്തിലാണ് ഇത്രയും വലിയ ശരീരം പ്രവർത്തിക്കുന്നത്. ഈ രഥത്തിൽ ഇരിക്കുന്ന ആത്മാവ് എന്ത് വസ്തുവാണ് എന്നത് ലോകത്തിലെ ആർക്കും അറിയില്ല. അകാലമൂർത്തിയായ ആത്മാവിന്റെ സിംഹാസനമാണിത്. കുട്ടികൾക്കും ഈ ജ്ഞാനം ലഭിക്കുന്നു. എത്ര മനോഹരമായ രഹസ്യയുക്തമായ കാര്യമാണ്. ആരെങ്കിലും ഇങ്ങനെയുള്ള രഹസ്യയുക്തമായ കാര്യം കേൾക്കുമ്പോൾ അവർ ചിന്തിക്കാൻ തുടങ്ങും. നിങ്ങൾ കുട്ടികൾക്കും ഈ ചിന്തയുണ്ടാകുന്നു– എത്ര വലിയ ശരീരത്തിലാണ് ഇത്രയും ചെറിയ ആത്മാവുള്ളത്. ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് അടങ്ങിയിട്ടുണ്ട്. ശരീരം വിനാശമാകും. ബാക്കി ആത്മാവുണ്ടാകും. ഇത് വളരെ ചിന്തിക്കാനുള്ള കാര്യമാണ്. അതിരാവിലെ ഉണർന്ന് ഇത് ചിന്തനം ചെയ്യണം. കുട്ടികൾക്ക് ഓർമ്മവന്നു ആത്മാവ് എത്ര ചെറുതാണ്, അതിന് അവിനാശിയായ പാർട്ട് ലഭിച്ചിരിക്കുന്നു. ഞാൻ ആത്മാവ് എത്ര വണ്ടർഫുള്ളാണ്. ഇത് പുതിയ ജ്ഞാനമാണ്. ഇത് ലോകത്തിലെ ആർക്കും അറിയില്ല. ബാബ തന്നെയാണ് വന്ന് പറഞ്ഞുതരുന്നത്, അതാണ് ഓർമ്മിക്കേണ്ടത്. നമ്മൾ ഇത്രയും ചെറിയ ആത്മാക്കൾ എങ്ങനെയാണ് പാർട്ട് അഭിനയിക്കുന്നത്. ശരീരം 5 തത്വങ്ങളാൽ നിർമ്മിച്ചതാണ്. ബ്രഹ്മാബാബയ്ക്ക് അറിയുമോ ശിവബാബയുടെ ആത്മാവ് എങ്ങനെയാണ് വരുന്നതും പോകുന്നതുമെന്ന്. സദാ ഇതിൽ തന്നെയിരിക്കുകയുമല്ല. അതിനാൽ ഇതാണ് ചിന്തിക്കേണ്ടത്. ആർക്കും ഒരിയ്ക്കലും ലഭിക്കാത്ത ജ്ഞാനമാണ് ബാബ നിങ്ങൾ കുട്ടികൾക്ക് നൽകുന്നത്. നിങ്ങൾക്ക് അറിയാം ഈ ജ്ഞാനം ബ്രഹ്മാബാബയുടെ ആത്മാവിൽ ഉണ്ടായിരുന്നില്ല. മറ്റു സത്സംഗങ്ങളിൽ ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ആരും ചിന്തിക്കില്ല. ആത്മാ– പരമാത്മാ ജ്ഞാനം അല്പം പോലുമില്ല. ഞാൻ ആത്മാവ് ഈ ശരീരത്തിലൂടെ ഇവർക്ക് മന്ത്രം ഉപദേശിക്കുകയാണ്, ആത്മാവ് ശരീരത്തിലൂടെ ശാസ്ത്രങ്ങൾ പഠിക്കുന്നു എന്ന് ഏതെങ്കിലും സാധു സന്യാസിമാർ കരുതുന്നുണ്ടോ. മനുഷ്യരിൽ ഒരാൾ പോലും ആത്മാഭിമാനിയല്ല. ആത്മജ്ഞാനം ആരിലുമില്ല, എങ്കിൽ പിന്നെ അച്ഛന്റെ ജ്ഞാനം എങ്ങനെയുണ്ടാകും.

നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ ആത്മാക്കളെ അച്ഛനാണ് മധുര മധുരമായ മക്കളേ എന്ന് വിളിക്കുന്നത്! നിങ്ങൾ എത്ര വിവേകശാലികളായി മാറുകയാണ്. ശരീരത്തിലിരിക്കുന്ന ആത്മാവിനെ പരമാത്മാവ് ഇരുന്ന് പഠിപ്പിക്കുന്നു എന്നത് ഒരു മനുഷ്യനും മനസ്സിലാക്കുന്നില്ല. മനസ്സിലാക്കേണ്ട എത്ര വലിയ കാര്യമാണ്. എന്നിട്ടും ജോലികാര്യങ്ങൾക്കായി പോകുമ്പോൾ മറന്നുപോകുന്നു. ആദ്യം ബാബ ആത്മജ്ഞാനമാണ് നൽകുന്നത് അത് ലോകത്തിലെ ഒരു മനുഷ്യനിലുമില്ല. പാട്ടുമുണ്ടല്ലോ– ആത്മാവും പരമാത്മാവും ഒരുപാടുകാലം വേർപെട്ടിരുന്നു........ കണക്കുണ്ടല്ലോ. നിങ്ങൾ കുട്ടികൾക്ക് അറിയാം ആത്മാവു തന്നെയാണ് ശരീരത്തിലൂടെ സംസാരിക്കുന്നത്. ആത്മാവ് തന്നെയാണ് ശരീരത്തിലൂടെ നല്ലതോ മോശമോ ആയ കർമ്മം ചെയ്യുന്നത്. ബാബ വന്ന് ആത്മാവിനെ പുഷ്പമാക്കി മാറ്റുന്നു. ആദ്യമാദ്യം ബാബ പറയുന്നതിതാണ് അതായത് അതിരാവിലെ എഴുന്നേറ്റ് ചിന്തിക്കൂ– ആത്മാവ് എന്താണ്? ആത്മാവാണ് ഈ ശരീരത്തിലൂടെ കേൾക്കുന്നത്. ആത്മാവിന്റെ അച്ഛൻ പരമപിതാ പരമാത്മാവാണ്, അവരെ പതിത പാവനൻ, ജ്ഞാനസാഗരൻ എന്ന് വിളിക്കുന്നു. പിന്നീട് ഒരു മനുഷ്യനെ സുഖ സാഗരൻ, ശാന്തിയുടെ സാഗരം എന്ന് എങ്ങനെ വിളിക്കാൻ കഴിയും. സദാ പവിത്രതയുടെ സാഗരമാണ് എന്ന് ലക്ഷ്മീ നാരായണനെ പറയുമോ? ഇല്ല. ഒരേയൊരു ബാബ തന്നെയാണ് സദാ പവിത്രതയുടെ സാഗരം. മനുഷ്യരാണെങ്കിൽ കേവലം

ഭക്തിമാർഗ്ഗത്തിലെ ശാസ്ത്രങ്ങളുടെ വർണ്ണന ചെയ്യുന്നു. പ്രാക്ടിക്കൽ അനുഭവമില്ല. ഞാൻ ഈ ശരീരത്തിലൂടെ അച്ഛന്റെ മഹിമ പാടുകയാണ്, എന്ന് മനസ്സിലാക്കില്ല. ബാബ നമ്മുടെ വളരെ മധുരമായ അച്ഛനാണ്. ബാബ തന്നെയാണ് സുഖം നൽകുന്നവൻ. ബാബ പറയുന്നു– അല്ലയോ ആത്മാക്കളേ, ഇപ്പോൾ എന്റെ മതം അനുസരിച്ച് നടക്കൂ. അവിനാശിയായ ആത്മാവിന് അവിനാശിയായ അച്ഛനിൽ നിന്നും ലഭിക്കുന്ന അവിനാശിയായ മതമാണിത്. അവിടെ വിനാശികളായ ശരീരധാരികൾക്ക് വിനാശിയായ ശരീരധാരികളിൽ നിന്നുള്ള മതമാണ് ലഭിക്കുന്നത്. സത്യയുഗത്തിൽ നിങ്ങൾ ഇവിടെ നിന്നുള്ള പ്രാലബ്ധം അനുഭവിക്കുന്നു. അവിടെ ഒരിയ്ക്കലും തലതിരിഞ്ഞ മതം ലഭിക്കുകയില്ല. ഇപ്പോഴുള്ള ശ്രീമതം തന്നെ അവിനാശിയായി മാറുന്നു, അത് അരകല്പം നടന്നുവരുന്നു. ഇത് പുതിയ ജ്ഞാനമാണ്, ഇതിനെ ഗ്രഹിക്കാൻ എത്ര ബുദ്ധി വേണം. പിന്നെ പ്രാവർത്തികമാക്കണം. ആരാണോ ആരംഭത്തിൽ വളരെ അധികം ഭക്തി ചെയ്തത് അവർക്കേ നല്ലരീതിയിൽ ധാരണ ചെയ്യാൻ സാധിക്കൂ. ഇത് മനസ്സിലാക്കണം– അഥവാ എന്റെ ബുദ്ധിയിൽ ഇത് നല്ലരീതിയിൽ ധാരണയാവുന്നില്ലെങ്കിൽ, തീർച്ചയായും ഞാൻ ആരംഭം മുതൽ ഭക്തി ചെയ്തിട്ടില്ല. ബാബ പറയുന്നു ഒന്നും മനസ്സിലാകുന്നില്ലെങ്കിൽ അച്ഛനോട് ചോദിക്കൂ എന്തുകൊണ്ടെന്നാൽ ബാബ അവിനാശിയായ സർജനാണ്. ബാബയെ സുപ്രീം സോൾ എന്നും വിളക്കും. ആത്മാവ് പവിത്രമാകുമ്പോൾ അതിന് മഹിമയുണ്ടാകുന്നു. ആത്മാവിന് മഹിമയുണ്ടെങ്കിൽ ശരീരത്തിനും മഹിമയുണ്ടാകുന്നു. ആത്മാവ് തമോപ്രധാനമാണെങ്കിൽ ശരീരത്തിനും മഹിമയില്ല. ഈ സമയത്ത് നിങ്ങൾ കുട്ടികൾക്ക് വളരെ ഗുഹ്യമായ ബുദ്ധി ലഭിക്കുന്നു. ആത്മാവിനുതന്നെയാണ് ലഭിക്കുന്നത്. ആത്മാവിന് എത്ര മധുരമായി മാറണം. എല്ലാവർക്കും സുഖം നൽകണം. ബാബ എത്ര മധുരമാണ്. ആത്മാക്കളേയും വളരെ അധികം മധുരമാക്കി മാറ്റുന്നു. ആത്മാവ് യാതൊരു അകർത്തവ്യ കാര്യവും ചെയ്യരുത്– ഇതിനുള്ള അഭ്യാസം ചെയ്യണം. എന്നിൽ നിന്നും ഏതൊരു അകർത്തവ്യവും ഉണ്ടാകുന്നില്ലല്ലോ, എന്നത് പരിശോധിക്കണം. ശിവബാബ എപ്പോഴെങ്കിലും അകർത്തവ്യ കാര്യം ചെയ്യുമോ? ഇല്ല. ബാബ വരുന്നതുതന്നെ ഉത്തമത്തിലും ഉത്തമമായ മംഗളകരമായ കാര്യം ചെയ്യുവാനാണ്. എല്ലാവർക്കും സദ്ഗതി നൽകുന്നു. അതിനാൽ അച്ഛൻ എന്ത് കർമ്മമാണോ ചെയ്യുന്നത് അതുതന്നെയാണ് മക്കളും ചെയ്യേണ്ടത്. ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട്, ആരാണോ ആരംഭം മുതൽ വളരെ അധികം ഭക്തി ചെയ്തത് അവരുടെ ബുദ്ധിയിലേ ഈ ജ്ഞാനം നിൽക്കുകയുള്ളു. ഇപ്പോഴും ദേവതകൾക്ക് അനേകം ഭക്തരുണ്ട്. തന്റെ തല നൽകാനും തയ്യാറാണ്. കൂടുതൽ ഭക്തി ചെയ്തവരുടെ പിന്നാലെ കുറവ് ഭക്തി ചെയ്തവർ തൂങ്ങിക്കിടക്കും. അവരുടെ മഹിമ പാടും. അവിടെ സ്ഥൂലത്തിൽ എല്ലാം കാണാൻ കഴിയും. ഇവിടെ നിങ്ങൾ ഗുപ്തമാണ്. നിങ്ങളുടെ ബുദ്ധിയിൽ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ മുഴുവൻ ചക്രവുമുണ്ട്. ഇതും കുട്ടികൾക്ക് അറിയാം– ബാബ നമ്മെ പഠിപ്പിക്കാനായി വന്നിരിക്കുകയാണ്. ഇപ്പോൾ വീണ്ടും നമ്മൾ വീട്ടിലേയ്ക്ക് പോകും. എവിടേയ്ക്കാണോ മുഴുവൻ ആത്മാക്കളും പോകുന്നത് അതാണ് നമ്മുടെ വീട്. അവിടെ ശരീരംപോലുമില്ല പിന്നെങ്ങിനെ ശബ്ദമുണ്ടാകും. ആത്മാവില്ലാതെ ശരീരം ജഢമാണ്. മനുഷ്യർക്ക് ശരീരത്തോട് എത്ര മോഹമാണ്! ആത്മാവ് ശരീരത്തിൽ നിന്നും വേർപിരിഞ്ഞാൽ പിന്നെയുള്ളത് 5 തത്വങ്ങളാണ്, അതിനോടും എത്ര സ്നേഹമാണ്. ഭാര്യ തന്റെ പതിയുടെ ചിതയിലേയ്ക്ക് ചാടുന്നതിനും തയ്യാറാണ്. ശരീരത്തോട് എത്ര മോഹമാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമുക്ക് മുഴുവൻ ലോകത്തോടും നഷ്ടോമോഹരാവണം. ഈ ശരീരം നശിക്കാനുള്ളതാണ്. അതിനാൽ അതിൽ നിന്നും മോഹം ഇല്ലാതാവണമല്ലോ. പക്ഷേ വളരെ അധികം മോഹമുണ്ട്. ബ്രാഹ്മണരെ കഴിപ്പിക്കുന്നു. ഇന്നയാളുടെ ശ്രാദ്ധമാണ് എന്ന് ഓർമ്മിക്കാറില്ലേ. ഇപ്പോൾ അവർക്ക് കഴിക്കാൻ പറ്റുമോ? നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ നിന്നും മാറിനിൽക്കണം. ഡ്രാമയിൽ ഓരോരുത്തരും അവരവരുടെ പാർട്ടാണ് അഭിനയിക്കുന്നത്. ഈ സമയത്ത് നമുക്ക് നഷ്ടോമോഹയായി മാറണം എന്ന ജ്ഞാനം നിങ്ങളിലുണ്ട്. മോഹജീത്ത് രാജാവിന്റെ കഥയുമുണ്ടല്ലോ വേറെ മോഹജീത്ത് രാജാവൊന്നും ഇല്ല. ഇവിടെ അനേകം കഥകൾ ഉണ്ടാക്കിയിരിക്കുകയാണ്. അവിടെ അകാലമൃത്യു ഉണ്ടാകില്ല. അതിനാൽ ചോദിക്കേണ്ട കാര്യം പോലുമില്ല. ഈ സമയം നിങ്ങളെ മോഹജീത്താക്കി മാറ്റുകയാണ്. സ്വർഗ്ഗത്തിൽ മോഹത്തെ ജയിച്ച രാജാക്കന്മാരുണ്ടായിരുന്നു, എങ്ങനെയാണോ രാജാവ് അതുപോലെത്തന്നെയായിരുന്നു പ്രജകളും. അത് നഷ്ടോമോഹരുടെ രാജധാനിയാണ്. രാവണ രാജ്യത്തിൽ മോഹമുണ്ടാകും. അവിടെയാണെങ്കിൽ വികാരങ്ങൾ ഉണ്ടാകില്ല, രാവണരാജ്യമേയില്ല. രാവണന്റെ രാജധാനി ഇല്ലാതാകും. രാമരാജ്യത്തിൽ എന്താണ് സംഭവിക്കുന്നത്, ഒന്നും അറിയില്ല. ബാബയ്ക്കല്ലാതെ മറ്റാർക്കും ഈ കാര്യങ്ങൾ പറഞ്ഞുതരാൻ സാധിക്കില്ല. ബാബ ഈ ശരീരത്തിൽ ഇരുന്നുകൊണ്ടും ദേഹീ അഭിമാനിയാണ്. ലോണിന് അല്ലെങ്കിൽ വാടകയ്ക്ക് എടുത്ത വീടിനോടും മോഹമുണ്ടാകും. വീടിനെ വളരെ നല്ലരീയിൽ അലങ്കരിക്കുന്നു, എന്നാൽ ഇവരെ അലങ്കരിക്കേണ്ട ആവശ്യമില്ല എന്തെന്നാൽ ബാബ അശരീരിയാണല്ലോ. ബാബയ്ക്ക് അലങ്കരിക്കുന്ന ഒരു ശീലവുമില്ല. ബാബയ്ക്ക് അവിനാശിയായ ജ്ഞാനരത്നങ്ങളാൽ കുട്ടികളെ അലങ്കരിക്കുന്ന ശീലമേയുള്ളു. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യ രഹസ്യം പറഞ്ഞുതരുന്നു. ശരീരം അപവിത്രം തന്നെയാണ്,

ഇതിന് എപ്പോൾ പുതിയ ശരീരം ലഭിക്കുന്നോ അപ്പോൾ പവിത്രമായിരിക്കും. ഈ സമയത്ത് ഇത് പഴയ ലോകമാണ്, ഇത് അവസാനിക്കാനുള്ളതാണ്. ഇതും ലോകത്തിലെ ആർക്കും അറിയില്ല. പതുക്കെ പതുക്കെ അറിയാൻ തുടങ്ങും. പുതിയ ലോകത്തിന്റെ സ്ഥാപനയും പഴയ ലോകത്തിന്റെ വിനാശവും– ഇത് ബാബയുടെ തന്നെ ജോലിയാണ്. ബാബ തന്നെയാണ് വന്ന് ബ്രഹ്മാവിലൂടെ പ്രജകളെ രചിച്ച് പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നത്. നിങ്ങൾ പുതിയ ലോകത്തിലാണോ? അല്ല, പുതിയ ലോകത്തിന്റെ സ്ഥാപന നടക്കുകയാണ്. അതിനാൽ ബ്രാഹ്മണരുടെ കുടുമയും ഉയർന്നതാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, ബാബയുടെ സന്മുഖത്ത് വരുമ്പോൾ ആദ്യം ഓർമ്മിക്കണം ഞാൻ ഈശ്വരനായ അച്ഛന്റെ സന്മുഖത്തേയ്ക്കാണ് പോകുന്നത്. ശിവബാബ നിരാകാരനാണ്. എങ്ങനെ നമുക്ക് അവരുടെ സന്മുഖത്ത് എത്താൻ കഴിയും. അതിനാൽ ആ ബാബയെ ഓർമ്മിച്ച് പിന്നീട് ബാബയുടെ സന്മുഖത്തേയ്ക്ക് വരണം. നിങ്ങൾക്ക് അറിയാം ബാബ ഇദ്ദേഹത്തിൽ ഇരിക്കുന്നുണ്ട്. ഈ ശരീരം പതിതമാണ്. ശിവബാബയുടെ ഓർമ്മയില്ലാതെ ഏതെങ്കിലും കർമ്മം ചെയ്താൽ അത് പാപമായിത്തീരുന്നു. നമ്മൾ ശിവബാബയുടെ അടുത്തേയ്ക്കാണ് പോകുന്നത്. പിന്നീട് അടുത്ത ജന്മത്തിൽ വേറെ സംബന്ധികളായിരിക്കും. അവിടെ ദേവതകളുടെ മടിയിലേയ്ക്ക് പോകും. ഈ ഭഗവാന്റെ മടിത്തട്ട് ഒരു തവണ മാത്രമാണ് ലഭിക്കുന്നത്. മുഖത്തിലൂടെ പറയുന്നു ബാബാ ഞാൻ അങ്ങയുടേതായി മാറിയിരിക്കുന്നു. ഒരിയ്ക്കലും കാണുക പോലും ചെയ്യാത്ത ഒരുപാടുപേരുണ്ട്. പുറത്താണ് താമസിക്കുന്നത്, ശിവബാബാ ഞങ്ങൾ അങ്ങയുടെ കുട്ടിയായി മാറിയിരിക്കുന്നു എന്ന് എഴുതും. ബുദ്ധിയിൽ ജ്ഞാനമുണ്ട്. ആത്മാവ് പറയുന്നു– ഞാൻ ശിവബാബയുടേതായി മാറിയിരിക്കുന്നു. ഇതിനുമുമ്പ് നമ്മൾ പതിതരുടെ മടിത്തട്ടിലായിരുന്നു. ഭാവിയിൽ പവിത്രമായ ദേവതയുടെ മടിത്തട്ടിലെത്തും. ഈ ജന്മം ദുർലഭമാണ്. നിങ്ങൾ ഇവിടെ സംഗമയുഗത്തിലാണ് വജ്ര സമാനമായി മാറുന്നത്. സാഗരവും നദികളും സംഗമിക്കുന്നതിനെയൊന്നുമല്ല സംഗമയുഗം എന്ന് പറയുന്നത്. രാത്രിയുടേയും പകലിന്റേയും വ്യത്യാസമുണ്ട്. ബ്രഹ്മപുത്ര സാഗരത്തിൽ ചെന്ന് ചേരുന്ന ഏറ്റവും വലിയ നദിയാണ്. നദികൾ ചെന്ന് സാഗരത്തിൽ പതിക്കുന്നു. നിങ്ങളും സാഗരത്തിൽ നിന്നും പുറപ്പെടുന്ന ജ്ഞാനനദികളാണ്. ജ്ഞാനസാഗരൻ ശിവബാബയാണ്. ഏറ്റവും വലിയ നദി ബ്രഹ്മപുത്രയാണ്. ഇവരുടെ പേര് ബ്രഹ്മാവാണ്. സാഗരവുമായി ഇത് എത്ര യോജിച്ചിരിക്കുന്നു. നിങ്ങൾക്ക് അറിയാം നദികൾ എവിടെ നിന്നാണ് പുറപ്പെടുന്നത്. സാഗരത്തിൽ നിന്നു തന്നെയാണ് പുറപ്പെടുന്നത്, പിന്നീട് സാഗരത്തിൽ തന്നെ ചെന്ന് പതിക്കുന്നു. സാഗരത്തിൽ നിന്നും മധുരമായ ജലത്തെ ആകർഷിക്കുന്നു. സാഗരത്തിന്റെ കുട്ടികൾ പിന്നീട് സാഗരത്തിലേയ്ക്കുതന്നെ ചെന്ന് പതിക്കുന്നു. നിങ്ങളും ജ്ഞാനസാഗരനിൽ നിന്നും ഉദ്ഭവിച്ചതാണ് പിന്നീട് എല്ലാവരും എവിടെയാണോ ബാബ വസിക്കുന്നത് അവിടേയ്ക്ക് പോകും, അവിടെയാണ് നിങ്ങൾ ആത്മാക്കളും വസിക്കുന്നത്. ജ്ഞാനസാഗരൻ വന്ന് നിങ്ങളെ പവിത്രവും മധുരവുമാക്കി മാറ്റുന്നു. ഉപ്പുരസമുള്ള ആത്മാവിനെ മധുരമുള്ളതാക്കി മാറ്റുന്നു. 5 വികാരങ്ങളാകുന്ന ഉപ്പുരസം നിങ്ങളിൽ നിന്നും വേറിടുന്നു, അപ്പോൾ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുന്നു. ബാബ വളരെ അധികം പുരുഷാർത്ഥം ചെയ്യിക്കുന്നു. നിങ്ങൾ എത്ര സതോപ്രധാനമായിരുന്നു, സ്വർഗ്ഗത്തിലായിരുന്നു വസിച്ചിരുന്നത്. എന്നാൽ ഇപ്പോൾ നിങ്ങൾ തീർത്തും മോശമായിരിക്കുന്നു. രാവണൻ നിങ്ങളെ എന്താക്കി മാറ്റി. അമൂല്യമായ വജ്ര സമാനമായ ജന്മം എന്ന് ഭാരതത്തിൽ തന്നെയാണ് മഹിമ പാടുന്നത്.

ബാബ ചോദിക്കുന്നു നിങ്ങൾ കക്കയ്ക്കുപിന്നാലെ എന്തിനാണ് പോകുന്നത്. കക്കകൾ അധികം ആവശ്യമില്ലല്ലോ. പാവങ്ങൾ പെട്ടെന്ന് മനസ്സിലാക്കും. ഇവിടം ഞങ്ങൾക്ക് സ്വർഗ്ഗം തന്നെയാണ് എന്ന് പറയും ധനികർ. നിങ്ങൾ കുട്ടികൾക്ക് അറിയാം– ഏതെല്ലാം മനുഷ്യരുണ്ടോ അവരുടെയെല്ലാം ജന്മം ഇപ്പോൾ കക്കയ്ക്കു സമാനമാണ്. നമ്മളും അങ്ങനെയായിരുന്നു. ഇപ്പോൾ ബാബ നമ്മെ എന്താക്കി മാറ്റുന്നു. പ്രധാനലക്ഷ്യം ഉണ്ടല്ലോ. നമ്മൾ നരനിൽ നിന്നും നാരായണനായി മാറുന്നു. ഭാരതം ഇപ്പോൾ കക്കയ്ക്ക് സമാനം വിലയില്ലാത്തതാണ്. ഭാരതവാസികൾക്ക് ഇത് അറിയുകയേയില്ല. ഇവിടെ നിങ്ങൾ അബലകൾ എത്ര സാധാരണമാണ്. ഏതെങ്കിലും വലിയ ആളുകൾ ഉണ്ടെങ്കിൽ അവർക്ക് ഇവിടെ ഇരിക്കാൻ ഇഷ്ടമല്ല. എവിടെയാണോ വലിയ വലിയ സന്യാസിമാരും ഗുരുക്കന്മാരുമുള്ളത് അവിടേയ്ക്കേ വലിയ വലിയ ആളുകൾ പോവുകയുള്ളു. ബാബയും പറയുന്നു ഞാൻ ഏഴകളുടെ തോഴനാണ്. ഭഗവാൻ പാവങ്ങളുടെ രക്ഷ ചെയ്യും എന്ന് പറയാറുണ്ട്. ഇപ്പോൾ നിങ്ങൾക്ക് അറിയാം– നമ്മൾ എത്ര ധനികരായിരുന്നു. ഇപ്പോൾ വീണ്ടും ആവുകയാണ്. നിങ്ങൾ കോടാനുകോടികൾക്ക് അധിപതിയാവുകയാണ് എന്ന് ബാബ എഴുതാറുമുണ്ട്. അവിടെ ആപത്തുകളൊന്നും ഉണ്ടാവില്ല. ഇവിടെ നോക്കൂ പൈസയ്ക്കുവേണ്ടി എത്ര തെറ്റുകൾ ചെയ്യുന്നു. കൈക്കൂലി എത്രയാണ് വാങ്ങുന്നത്. പൈസ മനുഷ്യർക്ക് വേണമല്ലോ. നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ നമ്മുടെ ഖജനാവ് നിറച്ചുതരുകയാണ്. അരകല്പത്തിലേയ്ക്കായി എത്ര ധനം വേണോ അത്രയും എടുക്കൂ, പക്ഷേ പുരുഷാർത്ഥം പൂർണ്ണമായും ചെയ്യണം. തെറ്റ് ചെയ്യരുത്. ഫോളോ ഫാദർ

എന്ന് പറയാറുണ്ട്. അച്ഛനെ ഫോളോ ചെയ്താൽ ഇതായി മാറും. നരനിൽ നിന്നും നാരായണൻ, നാരിയിൽ നിന്നും ലക്ഷ്മീ, വളരെ വലിയ പരീക്ഷയാണ്. ഇതിൽ അല്പം പോലും തെറ്റ് ചെയ്യരുത്. ബാബ ശ്രീമതം നൽകിയാൽ അത് അനുസരിച്ച് നടക്കണം. നിയമം, വിധി ഇവ തെറ്റിക്കരുത്. ശ്രീമതത്തിലൂടെയേ നിങ്ങൾ ശ്രേഷ്ഠമായി മാറൂ. ലക്ഷ്യം വളരെ വലുതാണ്. തന്റെ ദിവസേനയുള്ള കണക്ക് വെയ്ക്കൂ. സമ്പാദിച്ചോ അതോ നഷ്ടമുണ്ടാക്കിയോ? ബാബയെ എത്ര ഓർമ്മിച്ചു? എത്ര പേർക്ക് വഴി പറഞ്ഞുകൊടുത്തൂ? അന്ധരുടെ ഊന്നുവടി നിങ്ങളാണല്ലോ. നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിട്ടുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) ബാബ എത്ര മധുരമാണോ അതുപോലെ മധുരമായി മാറി എല്ലാവർക്കും സുഖം നൽകണം. യാതൊരു അകർത്തവ്യ കാര്യവും ചെയ്യരുത്. ഉത്തമത്തിലും ഉത്തമമായ മംഗളകാരിയായ കർമ്മങ്ങൾ മാത്രമേ ചെയ്യാവൂ.

2) കക്കകൾക്കുപിന്നാലെ അലയരുത്. പുരുഷാർത്ഥം ചെയ്ത് തന്റെ ജീവിതത്തെ വജ്രസമാനമാക്കി മാറ്റണം. ഉപേക്ഷ കാണിക്കരുത്.

## വരദാനം : നിശ്ചയം ആകുന്ന കാലുകൾ ഇളകാതെ വെക്കുന്ന സദാ നിശ്ചയബുദ്ധി നിശ്ചിന്ത ആത്മാവായി ഭവിക്കട്ടെ.

ഏറ്റവും വലിയ രോഗമാണ് ചിന്ത ഇതിനുവേണ്ടി ഡോക്ടർമാരുടെ പക്കൽ മരുന്നു ഇല്ല. പ്രാപ്തികൾക്കായി ഉത്കണ്ഠാകുലരായ ആളുകൾ എത്രത്തോളം ഓടുന്നുവോ അത്രത്തോളം പ്രാപ്തികൾ മുന്നോട്ട് ഓടുന്നു, അതിനാൽ നിശ്ചയത്തിന്റെ കാലുകൾ സദാ ഇളകാത്തതായിരിക്കണം. സദാ ഒരു ബലം ഒരു വിശ്വാസം എന്ന് കാലുകൾ ഇളകാതെ ഇരിക്കുകയാണെങ്കിൽ വിജയം നിശ്ചിതമായിരിക്കും മായ ഇളക്കുവാൻ വേണ്ടി വിവിധ രൂപത്തിൽ വരും പക്ഷേ മായക്ക് ഇളക്കുവാൻ സാധിക്കുകയില്ല എന്തുകൊണ്ടെന്നാൽ താങ്കളുടെ നിശ്ചയരൂപി ആകുന്ന കാലുകൾ ഇളകാതിരുന്നാൽ നിശ്ചിന്തമായി ഇരിക്കുന്ന വരദാനം ലഭിക്കും.

## സ്ലോഗൻ: ഓരോരുത്തരുടെയും വിശേഷതകൾ നോക്കിക്കൊണ്ടിരിക്കും എങ്കിൽ താങ്കൾ വിശേഷ ആത്മാവായി മാറും

### അവ്യക്ത സൂചന: സഹജയോഗിയായി മാറുന്നതിനു വേണ്ടി പരമാത്മ സ്നേഹത്തിന്റെ അനുഭവിയായി മാറൂ.

താങ്കൾ ഗോപ ഗോപികകളുടെ ചരിത്രം പാടി കഴിഞ്ഞിരിക്കുന്നു സർവ്വ സംബന്ധങ്ങളുടെയും സുഖം എടുക്കുകയും അതോടൊപ്പം അലിഞ്ഞുചേരുകയും അഥവാ സർവ്വ സംബന്ധങ്ങളിലും സ്നേഹത്തിൽ അലിഞ്ഞു ചേർന്നിരിക്കുക, ആരെങ്കിലും സ്നേഹത്തോടെ കണ്ടുമുട്ടുമ്പോൾ, ആ സമയത്തെ സ്നേഹ കൂടിക്കാഴ്ചയുടെ വാക്കുകൾ പറയുന്നത് അവർ പരസ്പരം ലയിച്ചു അല്ലെങ്കിൽ രണ്ടും ലയിച്ചു ഒന്നായി എന്നാണ്. അപ്പോൾ ബാബയുടെ സ്നേഹത്തിൽ അലിഞ്ഞുചേർന്നു അർത്ഥം ബാബയുടെ സ്വരൂപമായി മാറിക്കഴിഞ്ഞിരിക്കുന്നു എന്നാണ്.